പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.*112

31/10/2019-ൽ മറുപടിയ്ക്ക്

## പൊതു വിദ്യാലയങ്ങളുടെ വികസനം

**ചോദ്യം**

**ശ്രീ വി. ജോയി**
**ശ്രീ എ. പ്രദീപ്കുമാർ**
**ശ്രീ ആർ. രാജേഷ്**
**ശ്രീ സി.കൃഷ്ണൻ**

(എ) സംസ്ഥാനത്തെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

**മറുപടി**

പ്രൊഫ.സി.രവീന്ദ്രനാഥ്
(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഉണ്ട്. സംസ്ഥാനത്തെ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.

1. ഭൗതിക സൗകര്യ വികസനം

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടുപയോഗിച്ചും പ്ലാൻ ഫണ്ടുപയോഗിച്ചും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

2. ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

8 മുതൽ 12 വരെയുള്ള 45,000 ക്ലാസ്സ് മുറികളെ സാങ്കേതിക വിദ്യാ സൗഹൃദമാക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ട്. ഇതിനാവശ്യമായ ഇ- റിസോഴ്സ് ഉറപ്പാക്കാൻ സമഗ്ര പോർട്ടൽ വികസിപ്പിച്ചിട്ടുണ്ട്. 9,941 പ്രൈമറി സ്കൂളുകളെ ഹൈടെക്ക് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. അക്കാദമികം.

അക്കാദമിക മികവിനായി എല്ലാ വിദ്യാലയങ്ങളും തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാൻ ആക്ഷൻ പ്ലാനുകളാക്കി നടപ്പിലാക്കി വരുന്നു. അതോടൊപ്പം ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വിവിധ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.

4. സമൂഹ പങ്കാളിത്തം

വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കി വിദ്യാഭ്യാസം കൂടുതൽ ജനകീയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പൊതുവിദ്യാലയ ങ്ങളുടെ ആസ്തി വികസനത്തിനായി കിഫ്ബി മുഖേനയും അല്ലാതെയും ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ എത്ര തുകയുടേതാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം പൊതുവിദ്യാലയങ്ങളുടെ ആസ്തി വികസനത്തിനായി മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത 141 സ്കൂളുകൾക്ക് 687.63 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത 213 സ്കൂളുകളിൽ കിഫ്ബിയുടെ അനുമതി ലഭിച്ച 185 സ്കൂളുകൾക്കായി 550.04 കോടി രൂപയും ചേർത്ത് ആകെ 1237.67 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ / എയ്ഡഡ് സ്കൂളുകളിലെ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്നതിന്റെ ഭാഗമായി ഹൈടെക് സ്കൂൾ പദ്ധതിക്കായി 493.5 കോടി രൂപയും, ഹൈടെക്ക് ലാബ് പദ്ധതിക്കായി (പ്രൈമറി സ്കൂൾ വിഭാഗം) 291 കോടി രൂപയും കിഫ്ബി മുഖേന സ്കൂളുകളിലെ ഐ.സി.ടി ആസ്തി വികസനത്തിനായി ചെലവഴിക്കുന്നുണ്ട്. ഇതിനുപുറമേ ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എസ്.എസ്.കെ പദ്ധതിയുടെ ഭാഗമായി 88.99 കോടി രൂപയുടെ പദ്ധതി നടപ്പാക്കാൻ അനുമതി ലഭിച്ചു. ഇതിൽ 54.23 കോടി രൂപയുടെ പദ്ധതി നടപ്പാക്കി.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുവിദ്യാലയങ്ങളുടെ ആസ്തി വികസനത്തിനായി ആകെ എത്ര തുകയുടെ പദ്ധതികൾ നടപ്പിലാക്കിയെന്നതിന്റെ കണക്കു ലഭ്യമാണോ;

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) അധ്യാപകരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും ടീച്ചേഴ്സ് ബാങ്കിലുണ്ടായിരുന്നവരുടെ തൊഴിൽ സംരക്ഷണത്തിനും സ്വീകരിച്ച നടപടി അറിയിക്കാമോ?

( ഡി) സർക്കാർ സ്കൂളുകളിലെ തസ്തിക നിർണ്ണയ ഉത്തരവു പ്രകാരമുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും പ്രസ്തുത ഒഴിവുകൾ പി.എസ്.സി വഴി നികത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ അധിക തസ്തികകളിൽ 1:1 അനുപാതത്തിലാണ് നിയമനം നടത്തേണ്ടത്. ആദ്യത്തേത് സംരക്ഷിതാദ്ധ്യാപകനും രണ്ടാമത്തേത് മാനേജരുമാണ്. സംരക്ഷിത അദ്ധ്യാപക ബാങ്കിലുൾപ്പെട്ട ജീവനക്കാരെ സംരക്ഷിച്ച് നിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**